ലേഖനം | എ. അബ്ദുസ്സലാം സുല്ലമി

# ഇബാദത്തിന്റെ അര്‍ഥത്തില്‍ ആരാണ് അവസരവാദികള്‍?

**അ**ല്ലാഹു അനുവദിച്ചത് നിഷിദ്ധമാക്കാനും അവന്‍ നിഷിദ്ധമാക്കിയത് അനുവദിക്കാനും അധികാരമുണ്ടെന്ന് വിശ്വസിച്ച് അല്ലാഹുവിന് പുറമെ വല്ല വ്യക്തിയെയോ ഭരണാധികാരിയെയോ രാജാവിനെയോ ഇമാമിനെയോ ശൈഖിനെയോ ഗവണ്‍മെന്റിനെയോ അനുസരിച്ചാല്‍ ആ അനുസരണം ഇബാദത്തും ശിര്‍ക്കുമാണെന്ന് ഞാന്‍ ബഷീര്‍ തൃപ്പനച്ചിയുമായി നടത്തിയ അഭിമുഖ സംഭാഷണത്തില്‍ (*പ്രബോധനം* 2015 മെയ് 8) പറഞ്ഞിരുന്നു. അത് എന്റെ അവസരവാദവും ആദര്‍ശ വ്യതിയാനവുമാണെന്ന് കേരളത്തിലെ ചില സലഫി വിഭാഗങ്ങള്‍ പ്രചരിപ്പിക്കുന്നത് അറിയാന്‍ സാധിച്ചു. 'മരണപ്പെട്ടവരെയും അദൃശ്യരായവരെയും വിളിച്ച് സഹായം തേടിയാല്‍ ഈ സഹായ തേട്ടം ശിര്‍ക്കാവണമെങ്കില്‍ അവരെ ഇലാഹാക്കണം. ഇലാഹാക്കിയാല്‍ മാത്രമാണ് ശിര്‍ക്ക് സംഭവിക്കുക' എന്നുമുള്ള സുന്നികളുടെ വാദത്തെ ഖണ്ഡിച്ചുകൊണ്ടു യുവത ബുക് ഹൗസ് പ്രസിദ്ധീകരിച്ച *തൗഹീദ് സമഗ്ര വിശകലനം* എന്ന എന്റെ ഗ്രന്ഥത്തിലെ ചില പ്രസക്ത ഭാഗങ്ങള്‍ അക്ഷരത്തില്‍ പോലും വ്യത്യാസം വരുത്താതെ ആദ്യമായി പകര്‍ത്തട്ടെ.

> ഇബാദത്തിന്റെ ഭാഷാപരമായ അര്‍ഥത്തില്‍ എനിക്ക് ജമാഅത്തെ ഇസ്‌ലാമിയുമായി വിയോജിപ്പില്ല, വീക്ഷണത്തിലാണ് വിയോജിപ്പ് എന്ന് പറഞ്ഞതില്‍ അവസരവാദമില്ല. സുന്നികളെ എതിര്‍ക്കുമ്പോള്‍ പറയുന്ന തെളിവുകള്‍ ജമാഅത്തെ ഇസ്‌ലാമിയോടാവുമ്പോള്‍ അവഗണിക്കാനും മറച്ചുവെക്കാനും ദുര്‍വ്യാഖ്യാനം ചെയ്യാനും, ഇല്ലാത്തത് അവരുടെ മേല്‍ ആരോപിക്കാനും എന്റെ ഈമാന്‍ എന്നെ അനുവദിക്കുന്നില്ല. ഇതുമൂലം ഉണ്ടാവുന്ന ഏതുതരം പ്രയാസവും സഹിക്കാന്‍ ഞാന്‍ തയാറാണ്. പരലോകത്തെ പ്രയാസത്തെയാണ് ഞാന്‍ ഭയപ്പെടുന്നത്. കെ.എന്‍.എം പ്രസിദ്ധീകരിച്ച പരിഭാഷ പോലും വായിക്കാതെയാണ് വിമര്‍ശകര്‍ എന്നെ ജമാഅത്തെ ഇസ്‌ലാമിയാക്കുന്നത്.

"അല്ലാഹു പറയുന്നു: തങ്ങളുടെ പുരോഹിതന്മാരെയും പാതിരിമാരെയും മര്‍യമിന്റെ മകന്‍ മസീഹിനെയും അല്ലാഹുവിനെ കൂടാതെ അവര്‍ റബ്ബുകളാക്കി. ഏക ആരാധ്യനെ ആരാധിക്കുവാനല്ലാതെ അവരോട് ആജ്ഞാപിക്കപ്പെട്ടിട്ടില്ല. അവനല്ലാതെ ഇലാഹില്ല. അവന്‍ പങ്കുചേര്‍ക്കുന്നതിനെ സംബന്ധിച്ച് അവന്‍ പരിശുദ്ധനാണ്(അത്തൗബ:31). ഈ സൂക്തം അവതരിപ്പിക്കപ്പെട്ട സന്ദര്‍ഭത്തില്‍ അദിയുബ്‌നു ഹാതിം(റ) തന്റെ കഴുത്തില്‍ ഒരു കുരിശുമായി നബി(സ)യുടെ സദസ്സില്‍ പ്രവേശിച്ചു. നബി(സ) ഈ ആയത്ത് അദ്ദേഹത്തിന് ഓതിക്കൊടുത്ത സന്ദര്‍ഭത്തില്‍ അദ്ദേഹം ഇപ്രകാരം തിരുദൂതനോടു പറഞ്ഞു: "നബിയേ, ക്രിസ്ത്യാനികള്‍ പുരോഹിതന്മാരെ റബ്ബാക്കുവാന്‍ അവര്‍ക്ക് ഇബാദത്തെടുക്കുന്നില്ലല്ലോ?" അപ്പോള്‍ തിരുദൂതന്റെ മറുപടി ഇപ്രകാരമായിരുന്നു: "അവന്‍ അനുവദിച്ചത് ഹറാമാക്കുകയും ഹറാമാക്കിയത് അനുവദിക്കുകയും ചെയ്യുമ്പോള്‍ അവരെ പിന്തുടരാറില്ലേ അവര്‍? അവര്‍ക്കു ചെയ്യുന്ന ഇബാദത്ത് ഇതുതന്നെയാണ്(തുര്‍മുദി, അഹമദ്). ഇബാദത്തെടുക്കുക എന്ന ഉദ്ദേശ്യം ഉണ്ടായാല്‍ മാത്രമേ ശിര്‍ക്കാവുകയുള്ളൂ എന്ന ക്രിസ്ത്യാനികളുടെ വാദത്തെ നബി(സ) ഇവിടെ തല്ലിത്തകര്‍ക്കുകയാണ് ചെയ്യുന്നത്. ഇമാം റാസി(റ) ആയത്തിനെ വ്യാഖ്യാനിക്കുന്നത് കാണുക: "ഭൂരിപക്ഷം ഖുര്‍ആന്‍ വ്യാഖ്യാതാക്കളും പറയുന്നു: നിശ്ചയം ഈ ആയത്തില്‍, അവര്‍ പുരോഹിതന്മാരെ റബ്ബുക

ആദമിന്റെ മക്കളേ! നിങ്ങൾ പിശാചിന് ഇബാദത്തെടുക്കരുത് എന്നു പറയുന്ന സൂറഃയാസീൻ 60-ാം സൂക്തത്തെ വ്യാഖ്യാനിച്ചു കൊണ്ട് അമാനി മൗലവി എഴുതുന്നു: പിശാചിനെ ആരാധിക്കുക എന്ന് ഇവിടെ പറഞ്ഞതിന്റെ ഉദ്ദേശ്യം അവനെ അനുസരിക്കുക എന്നാണ് ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ പറയുന്നത് (വിശുദ്ധ ഖുർആൻ വിവരണം. അമാനി മൗലവി: പേജ് 2736).

ളാക്കിയെന്നു പറഞ്ഞതിന്റെ വിവക്ഷ, അവർ ലോകത്തിന്റെ ഇലാഹാണെന്ന് അവരെ സംബന്ധിച്ച് വിശ്വസിച്ചു എന്നല്ല. പ്രത്യുത കൽപനകളിലും നിരോധനങ്ങളിലും അവരെ അവർ അനുസരിച്ചു എന്നതാണ്. അദിയ്യുബ്നു ഹാത്തിം ഉദ്ധരിക്കുന്നു- നിശ്ചയം അദ്ദേഹം ഒരു ക്രിസ്ത്യാനിയായിരുന്നു- നബി (സ) *സൂറത്തുത്തൗബ* ഓതിക്കൊണ്ടിരിക്കുമ്പോൾ അദ്ദേഹം അവിടുത്തെ സദസ്സിൽ കയറിവന്നു. നബി(സ) ഈ ആയത്ത് ഓതിയപ്പോൾ അദ്ദേഹം പറഞ്ഞു: ഞങ്ങൾ അവരെ ആരാധിക്കുന്നില്ലല്ലോ?! തിരുമേനി(സ) ചോദിച്ചു: അല്ലാഹു അനുവദിച്ചത് അവർ നിഷിദ്ധമാക്കുകയും നിഷിദ്ധമാക്കിയത് അവർ അനുവദിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ നിങ്ങൾ അത് അംഗീകരിക്കാറില്ലേ? അതേ എന്ന് ഞാൻ പറഞ്ഞു. പ്രവാചകൻ(സ)അരുളി: എങ്കിൽ അതു തന്നെയാണ് അവർക്കുള്ള ഇബാദത്ത്. റബീഅ്(റ)പറയുന്നു: ബനൂ ഇസ്രാഈല്യരിൽ ഉണ്ടായിരുന്ന ആ റുബൂബിയ്യത്ത് എപ്രകാരമായിരുന്നുവെന്നു ഞാൻ അബൂ ആലിയ(റ)യോട് ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ പറഞ്ഞതിന് എതിരായി പുരോഹിതന്മാരുടെ അഭിപ്രായത്തെ ചിലപ്പോൾ അവർ ദർശിക്കും. അപ്പോൾ പുരോഹിതന്മാരുടെ അഭിപ്രായത്തെ സ്വീകരിച്ച് അല്ലാഹുവിന്റെ ഗ്രന്ഥത്തിലെ വിധിയെ ഉപേക്ഷിക്കും (റാസി:16/37). തഫ്സീർ സുഫ്യാനുസ്സൗരി ഉദ്ധരിക്കുന്നു: ഹുദൈഫ്(റ) നിവേദനം: അവർക്ക് ഇബാദത്തു ചെയ്തിരുന്നുവോ എന്ന് അദ്ദേഹത്തോടു ചോദിച്ചു. അദ്ദേഹം പറഞ്ഞു: ഇല്ല എന്നാൽ അവർ അനുവദിക്കുന്നതിനെ അനുവദനീയമായും നിഷിദ്ധമാക്കിയതിനെ നിഷിദ്ധമായും അവർ ദർശിച്ചു (സുഫ്യാനുസ്സൗരി: പേജ്-124). തഫ്സീർ കിൽബിയിൽ എഴുതുന്നു: അതായത് രക്ഷിതാവിനെ അനുസരിക്കുന്നതു പോലെ അവർ അവരെ അനുസരിച്ചു. അവർക്ക് അവർ ഇബാദത്ത് ചെയ്തിരുന്നില്ലെങ്കിലും (കിൽബി:252).

അല്ലാഹു പറയുന്നു: അല്ലാഹുവിന്റെ നാമം ഉച്ചരിക്കപ്പെടാത്തതിൽ നിന്ന് നിങ്ങൾ തിന്നരുത്. നിശ്ചയമായും അത് അധർമ്മം തന്നെയാണ്. നിങ്ങളോട് വാഗ്വാദം നടത്തുവാൻ പിശാചുക്കൾ അവരുടെ മിത്രങ്ങൾക്ക് പ്രചോദനം നൽകുന്നു. നിങ്ങൾ അവരെ അനുസരിക്കുകയാണെങ്കിൽ തീർച്ചയായും നിങ്ങൾ മുശ്രിക്കുകളാവുന്നതാണ്( അൽഅൻആം-121). ഈ ആയത്തിന്റെ അവതരണ കാരണം ശരിയായി മനസ്സിലാക്കേണ്ടതുണ്ട്. ഇബ്നു അബ്ബാസ്(റ)നിവേദനം: മുശ്രിക്കുകൾ ശവത്തിന്റെ പ്രശ്നത്തിൽ മുസ്ലിംകളോട് തർക്കിച്ചു. അല്ലാഹു നേരിട്ടു അറുത്തതിനെ നിങ്ങൾ ഭക്ഷിക്കുന്നില്ല. എന്നാൽ നിങ്ങൾ അറുത്തത് നിങ്ങൾ ഭക്ഷിക്കുന്നു. അപ്പോൾ അല്ലാഹു ഈ സൂക്തം അവതരിപ്പിച്ചു (*അന്നിസാഅ്*). ഇബ്നു അബ്ബാസ്(റ) നിവേദനം: ശവം ഭക്ഷിക്കരുത് എന്ന സൂക്തം അവതരിപ്പിക്കപ്പെട്ടപ്പോൾ പേർഷ്യക്കാർ മുശ്രിക്കുകളുടെ അടുക്കലേക്ക് മുസ്ലിംകളോട് തർക്കിക്കാൻ വേണ്ടി ഇപ്രകാരം സന്ദേശവുമായി അയച്ചു. നിങ്ങൾ കത്തികൊണ്ടു സ്വന്തം കൈകളാൽ അറുക്കുന്നതിനെ ഭക്ഷിക്കുന്നു. എന്നാൽ അല്ലാഹു അറുക്കുന്നതിനെ നിങ്ങൾ ഭക്ഷിക്കുന്നില്ല. അതു നിങ്ങൾ നിഷിദ്ധമാക്കുന്നു. ഈ സന്ദർഭത്തിലാണ് ഈ ആയത്ത് അവതരിപ്പിച്ചത് (ത്വബ്റാനി). ഇപ്രകാരം മുശ്രിക്കുകൾ മുസ്ലിംകളോട് തർക്കിച്ചപ്പോൾ മുസ്ലിംകളുടെ മനസ്സിൽ ചില സംശയങ്ങളും വസ്വാസുകളും ഉണ്ടായി എന്ന് മറ്റൊരു നിവേദനത്തിൽ പറയുന്നു. ഇത് മുസ്ലിംകളിൽ പെട്ട ചിലരുടെ മനസ്സിൽ പതിച്ചു (ഇബ്നു ജരീർ). ഈ കാരണം അബൂദാവൂദും ഇബ്നുമജയും ഉദ്ധരിച്ച ഹദീസുകളിലും കാണാം. ഇതിന്റെ പരമ്പര സ്വഹീഹാണ്(ഇബ്ദു കഥിർ, 2/171). അപ്പോൾ അല്ലാഹു ഇവിടെ സാക്ഷാൽ സ്വഹാബത്തിനോടു പറയുന്നത് മുശ്രിക്കുകളെ അനുസരിച്ച് നിങ്ങൾ ശവം തിന്നാൽ നിങ്ങൾ മുശ്രിക്കുകളാകുമെന്നാണ്. ഇതിനുള്ള കാരണം ഖുർആൻ വ്യാഖ്യാതാക്കൾ എല്ലാം തന്നെ വിവരിക്കുന്നത് കാണുക:

"നിങ്ങൾ അവരെ അനുസരിച്ചാൽ മുശ്രിക്കുകളാവുമെന്ന് പറഞ്ഞത് അല്ലാഹുവിന്റെ നിർദേശത്തിൽ നിന്നും അവന്റെ മതനിയമത്തിൽ നിന്നും അകന്ന് മറ്റുള്ളവരുടെ ഉപദേശം സ്വീകരിച്ചാൽ മുശ്രിക്കുകളാകുമെന്നാണ്. അപ്പോൾ നിങ്ങൾ അല്ലാഹുവിനെക്കാൾ മുൻഗണന മറ്റുള്ളവർക്കാണ് നൽകുന്നത്. ഇവിടെ പറയുന്ന ശിർക്ക് ഇതാണ്. പുരോഹിതന്മാരെ റബ്ബുകളാക്കി എന്നു പറഞ്ഞതു പോലെ (ഇബ്നു കഥീർ 2/171).

പള്ളി ദർസുകളിൽ സ്വീകാര്യമായ മദാരിക്കിൽ പറയുന്നു: ശവം എന്നത് അല്ലാഹു വധിക്കുന്നതാണ്. അതു നിങ്ങൾ ഭക്ഷിക്കുന്നില്ല. എന്നാൽ നിങ്ങളുടെ കൈകൾകൊണ്ട് അറുത്തത് നിങ്ങൾ ഭക്ഷിക്കുന്നു എന്ന് പറഞ്ഞപ്പോൾ അല്ലാഹു നിഷിദ്ധമാക്കിയത് അനുവദനീയമാക്കുന്നതിൽ നിങ്ങൾ വിശ്വാസികളെ അനുസരിച്ചാൽ നിശ്ചയം നിങ്ങൾ മുശ്രിക്കുകളായി. കാരണം, തന്റെ മതത്തിൽ അല്ലാഹുവിനെയല്ലാതെ മറ്റൊരുവനെ ഒരാൾ പിന്തുടർന്നാൽ നിശ്ചയം അവനെ അവർ അല്ലാഹുവിന്റെ പങ്കാളിയാക്കി (അൽ മദാരിക്: 2/31).

(لأنّ من اتبع غير الله في دينه فقد اشرك به)

സുന്നി പണ്ഡിതർ വളരെയധികം ബഹുമാനിക്കുന്ന തഫ്സീറായ റൂഹുൽ ബയാനിൽ എഴുതുന്നു: "നീ മനസ്സിലാക്കുക, നിശ്ചയം മുശ്രിക്കുകൾ മുസ്ലിംകളോട് നിങ്ങൾ വധിച്ചതിനെ നിങ്ങൾ ഭക്ഷിക്കുന്നു. അല്ലാഹു വധിച്ചതിനെ നിങ്ങൾ ഭക്ഷിക്കുന്നില്ല എന്ന് പറഞ്ഞു തർക്കിച്ചപ്പോൾ അല്ലാഹു ഈ ആയത്ത് അവതരിപ്പിച്ചു. നിഷിദ്ധം അനുവ

ദിക്കുന്നതിലും അവരുടെ അസംബന്ധ വാദങ്ങളിലും നിങ്ങൾ അവരെ അനുസരിച്ചാൽ തീർച്ചയായും നിങ്ങൾ മുശ്‌രിക്കുകളാകും. ഒരാൾ അല്ലാഹുവിനെ അനുസരിക്കൽ ഉപേക്ഷിച്ച് മറ്റൊരുവനെ അനുസരിക്കുകയും അവനെ തന്റെ മതത്തിൽ പിന്തുടരുകയും ചെയ്താൽ തീർച്ചയായും അല്ലാഹുവിൽ അവൻ പങ്കു ചേർത്തു എന്നത് മാത്രവുമല്ല അവന് അല്ലാഹുവിനെക്കാൾ മുൻഗണന നൽകുകയും ചെയ്തു(റൂഹുൽ ബയാൻ: 3/95).

(إنّ من ترك طاعة الله الى طاعة غيره واتبعه في دينه فقد اشرك به تعالى بل آثره عليه سبحانه)

ഈ ആയത്തിനെ തഫ്സീറു സ്വാവിയിൽ വ്യാഖ്യാനിക്കുന്നതു കാണുക: അതായത് ഒരാൾ അല്ലാഹു നിഷിദ്ധമാക്കിയതിനെ അനുവദനീയമാക്കുകയോ അനുവദനീയമാക്കിയതിനെ നിഷിദ്ധമാക്കുകയോ ചെയ്താൽ അവൻ മുശ്‌രിക്കാണ്. കാരണം അവൻ അല്ലാഹുവിനു പുറമെ മറ്റൊരു വിധികർത്താവിനെ സ്ഥാപിച്ചു. ഇതു ശിർക്കാണെന്നതിൽ സംശയമില്ല.

لأنّه اثبت حاكما غيرالله ولاشك انه اشراك: الصاوى – അസ്വാവി: 2/43" (തൗഹീദ് സമഗ്രവിശകലനം: പേജ് 42-49: അധ്യായം: ഇലാഹാക്കൽ).

ഈ ഭാഗങ്ങൾ ഞാനും മർഹൂം എം.കെ അലി അക്ബർ മൗലവിയും കൂടി എഴുതിയതും ഡോ: ഉസ്മാൻ സാഹിബ് ആദ്യം മുതൽ അവസാനം വരെ സശ്രദ്ധം വായിച്ച് അവതാരിക എഴുതിയതുമായ അത്തൗഹീദുൽ മുസ്തഖീം എന്ന ഗ്രന്ഥത്തിലും ഉദ്ധരിച്ചിട്ടുണ്ട് (പേജ് 135-143 അധ്യായം: തൗഹീദുൽ ഉലൂഹിയ്യത്ത്, തൗഹീദുൽ റുബൂബിയ്യത്ത്). ഈ ഗ്രന്ഥത്തിന്റെ ആദ്യത്തെ പ്രസിദ്ധീകരണം 1986 ഡിസംബർ മാസത്തിലാണ്. വളരെ വർഷങ്ങൾക്കു മുമ്പ് ഞാൻ എഴുതിയ *തൗഹീദ് ഒരു സമഗ്ര പഠനം* എന്ന പുസ്തകത്തിലും ഇതെല്ലാം എഴുതിയിട്ടുണ്ട്. 'നിങ്ങൾ അവരെ അനുസരിച്ചാൽ നിശ്ചയം നിങ്ങൾ മുശ്‌രിക്കുകളാണ്' എന്ന് പറയുന്ന സൂറ: *അൽ അൻആമി*ലെ 121-ാം സൂക്തത്തെ കെ.എൻ.എം പ്രസിദ്ധീകരിച്ച അമാനി മൗലവിയുടെ ഖുർആൻ വിവരണം എന്ന പരിഭാഷയിൽ എഴുതുന്നത് വായനക്കാർ പ്രത്യേകം ശ്രദ്ധിക്കുക. "നിങ്ങളോട് തർക്കം നടത്താൻ വേണ്ടി പിശാചുക്കൾ അവരുടെ മിത്രങ്ങളെ സ്വകാര്യ ബോധനം നടത്തുന്നു എന്ന് പറഞ്ഞത് മുമ്പ് സൂചിപ്പിച്ച പോലെ അല്ലാഹു കൊലപ്പെടുത്തിയതു (ശവം) തിന്നുകൂടാ എന്നു നിങ്ങൾ കൊലപ്പെടുത്തിയതു(അറുക്കപ്പെട്ടത്)തിന്നാമെന്നും പറയുന്നത് ശരിയല്ലെന്നും മറ്റുമൊക്കെ മുശ്‌രിക്കുകളും യഹൂദികളും വാദിച്ചും തർക്കിച്ചും കൊണ്ടിരിക്കുന്നതിനെ ഉദ്ദേശിച്ചാകുന്നു. നിങ്ങൾ അവരെ അനുസരിക്കുന്ന പക്ഷം നിങ്ങൾ മുശ്‌രിക്കുകൾ തന്നെ എന്നു പറഞ്ഞതിന്റെ താൽപര്യം വ്യക്തമാണ്. അവരെ അനുസരിക്കുക എന്നതിന്റെ അർത്ഥം അവരെപ്പോലെ അല്ലാഹു നിഷിദ്ധമാക്കിയതിനെ അനുവദനീയമാക്കുകയും അല്ലാഹു അനുവദനീയമാക്കിയതിനെ നിഷിദ്ധമാക്കുകയും ചെയ്യുക എന്നാണല്ലോ. ഇതു ശിർക്കാണെന്നുള്ളതിൽ സംശയമില്ല. അവർ(വേദക്കാർ)തങ്ങളുടെ പണ്ഡിതൻമാരെയും പുരോഹിതന്മാരെയും അല്ലാഹുവിന് പുറമെ റബ്ബുകളാക്കിയിരിക്കുന്നു(9:31)എന്ന ഖുർആൻ വചനം കൊണ്ടുദ്ദേശ്യം അവർ നിഷിദ്ധമാക്കിയതിനെയും അനുവദനീയമാക്കിയിനെയും അതേപ്പടി അനുസരിക്കലാണെന്നു നബി(സ)പ്രസ്താവിച്ചതു പ്രസിദ്ധമാണല്ലോ. അല്ലാതെ ചില സ്ഥാപിത താൽപര്യക്കാർ സമർഥിച്ചു കാണുന്നതു പോലെ അല്ലാഹു അല്ലാത്തവരെയും അനുസരിക്കുന്നതെല്ലാം ശിർക്കായിത്തീരുമെന്ന അർത്ഥത്തിലല്ലതന്നെ" (വിശുദ്ധ ഖുർആൻ:വിവരണം. അമാനി മൗലവി. പ്രസാധകർ:കേരള നദ്‌വത്തുൽ മുജാഹിദ്ദീൻ:പേജ്:1024 വാള്യം 2)

ഉമർ മൗലവി *സൽസബീലിൽ* ഈ സൂക്തത്തിന് വ്യാഖ്യാനമെഴുതിയത് ഇവിടെ ചേർത്തു വായിക്കുക. അപ്പോൾ *പ്രബോധനം* വാരികക്ക് ഞാൻ നൽകിയ അഭിമുഖത്തിൽ അടിസ്ഥാനരഹിതമായ യാതൊരു അവസരവാദവും ഉന്നയിച്ചിട്ടില്ലെന്ന് അല്ലാഹുവിനെ ഭയപ്പെടുന്ന സർവ്വ മുസ്‌ലിംകൾക്കും ബോധ്യമാകുന്നതാണ്. വിഗ്രഹത്തിന് അറുത്തത് ഭക്ഷിക്കൽ ശിർക്കാണെന്ന് മാത്രമാണ് ഈ സൂക്തത്തിൽ അല്ലാഹു പറയുന്നത് എന്നാണ് അദ്ദേഹത്തിന്റെ വ്യാഖ്യാനത്തിന്റെ ചുരുക്കം. അമാനി മൗലവിയുടെ ഈ പരിഭാഷയിൽ തന്നെ "നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു" എന്ന് പറയുന്ന സൂറത്തുൽ ഫാത്തിഹയിലെ സൂക്തത്തെ വ്യാഖ്യാനിച്ച് കൊണ്ട് എഴുതുന്നു: നിഘണ്ടുകൾ പരിശോധിച്ചാൽ ഇബാദത്ത് എന്ന പദത്തിന് പല അർത്ഥങ്ങളും കാണാം. അനുസരണം എന്നിങ്ങനെയും (വിശുദ്ധ ഖുർആൻ വിവരണം. അമാനി മൗലവി കെ.എൻ.എം പ്രസിദ്ധീകരണം: പേജ്: 110). ആദമിന്റെ മക്കളെ! നിങ്ങൾ പിശാചിന് ഇബാദത്തെടുക്കരുത് എന്നു പറയുന്ന സൂറ:യാസീൻ 60-ാം സൂക്തത്തെ വ്യാഖ്യാനിച്ചു കൊണ്ട് അമാനി മൗലവി എഴുതുന്നു: പിശാചിനെ ആരാധിക്കുക എന്ന് ഇവിടെ പറഞ്ഞതിന്റെ ഉദ്ദേശ്യം അവനെ അനുസരിക്കുക എന്നാണെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ പറയുന്നത് (വിശുദ്ധ ഖുർആൻ വിവരണം. അമാനി മൗലവി: പേജ് 2736). ഉമർ മൗലവിയുടെ ഖുർആൻ പരിഭാഷയിൽ ആയത്തിന് ഈ അർഥം തന്നെയാണ് ആദ്യം നൽകുന്നത്. ഞാൻ സൂറഃ യാസീനിന്റെ പരിഭാഷയിലും ഖുർആനിന്റെ വെളിച്ചം എന്ന പേരിൽ പ്രസിദ്ധീകരിച്ച പരിഭാഷയിലും ഭാഷാപരമായ നിലക്ക് ഇബാദത്തിന്റെ അർഥം അനുസരണം എന്നാണെന്ന് മുമ്പ് തന്നെ എഴുതിയിട്ടുണ്ട്. അപ്പോൾ ഇബാദത്തിന്റെ ഭാഷാപരമായ അർഥത്തിൽ എനിക്ക് ജമാഅത്തെ ഇസ്‌ലാമിയുമായി വിയോജിപ്പില്ല, വീക്ഷണത്തിലാണ് വിയോജിപ്പ് എന്ന് പറഞ്ഞതിൽ അവസരവാദമില്ല. സുന്നികളെ എതിർക്കുമ്പോൾ പറയുന്ന തെളിവുകൾ ജമാഅത്തെ ഇസ്‌ലാമിയോടാവുമ്പോൾ അവഗണിക്കാനും മറച്ചുവെക്കാനും ദുർവ്യാഖ്യാനം ചെയ്യാനും ഇല്ലാത്തത് അവരുടെ മേൽ ആരോപിക്കാനും എന്റെ ഈമാൻ എന്നെ അനുവദിക്കുന്നില്ല. ഇതുമൂലം ഉണ്ടാവുന്ന ഏതുതരം പ്രയാസവും സഹിക്കാൻ ഞാൻ തയാറാണ്. പരലോകത്തെ പ്രയാസത്തെയാണ് ഞാൻ ഭയപ്പെടുന്നത്. കെ.എൻ.എം പ്രസിദ്ധീകരിച്ച പരിഭാഷ പോലും വായിക്കാതെയാണ് ഇവർ എന്നെ ജമാഅത്തെ ഇസ്‌ലാമിയാക്കുന്നതും. ■

(തുടരും)